## പതിനാലാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 89 | 23-01-2018 -ൽ മറുപടിക്ക്

### ഓഖി രക്ഷാപ്രവർത്തനങ്ങൾക്കായി ഇന്ത്യൻ നേവിയുടെ സഹായം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ** | | **പിണറായി വിജയൻ (മുഖ്യമന്ത്രി)** |
| എ) | ഓഖി ചുഴലിക്കാറ്റിനെ തുടർന്ന് രക്ഷാപ്രവർത്തനങ്ങൾക്കായി ഇന്ത്യൻ നേവിയുടെ സഹായം അഭ്യർത്ഥിച്ചത് ഏത് സർക്കാർ വകുപ്പിൽ നിന്നാണെന്ന് തീയതിയും സമയവും സഹിതം വ്യക്തമാക്കുമോ; | എ) | ദുരന്ത നിവാരണ അതോറിറ്റിയുടെ സ്റ്റേറ്റ് എമർജൻസി ഓപ്പറേഷൻസ് സെന്ററിൽ നിന്ന് 30/11/2017-ന് രാവിലെ 9 മണിക്ക് ശേഷം ഇന്ത്യൻ നേവിയുടെ സഹായം അഭ്യർത്ഥിച്ചു. |
| ബി) | നേവിയുടെ സഹായം ദുരന്ത മേഖലയിൽ രക്ഷാപ്രവർത്തനങ്ങൾക്ക് ലഭ്യമായ തീയതിയും സമയവും വിശദമാക്കുമോ; | ബി), സി) & ഡി) | സഹായാഭ്യർത്ഥന ലഭിച്ച ഉടനെ നേവിയുടെ കപ്പലുകൾ പുറപ്പെട്ടിരുന്നു. കൂടാതെ 6 വായുസേന വിമാനങ്ങൾ, 2 ഹെലികോപ്റ്ററുകൾ, 4 നേവി വിമാനങ്ങൾ എന്നിവ പ്രവർത്തന സജ്ജമായിരുന്നെങ്കിലും 30.11.2017-ലെ പ്രതികൂല കാലാവസ്ഥാ സ്ഥിതിയിൽ വൈകിട്ടും രക്ഷാപ്രവർത്തനത്തിൽ ഏർപ്പെടുവാൻ സാധിച്ചില്ല.<br>നേവിയുടെ വലിയ കപ്പലുകൾ ചുഴലി വീശുമ്പോൾ അപകടത്തിൽപ്പെടുന്ന യാനങ്ങളുടെ 50-60 കിലോമീറ്റർ ചുറ്റളവിൽ ഉണ്ടെങ്കിൽ മാത്രമേ പെട്ടെന്നുള്ള രക്ഷാപ്രവർത്തനത്തിലൂടെ ദുരന്തത്തിന്റെ ആഘാതം കുറയ്ക്കാൻ കഴിയുമായിരുന്നുള്ളൂ. ഇത്തരത്തിൽ രക്ഷാപ്രവർത്തനത്തിന് അനുയോജ്യമായ വലിയ കപ്പലുകൾ ഉള്ള നേവിയുടെ സ്ഥിരം സംവിധാനം നിലവിൽ കൊച്ചിയിൽ മാത്രമാണ് ലഭ്യമായിട്ടുള്ളത്. |
| സി) | നേവിയുടെ സഹായം കൃത്യസമയത്ത് ലഭിച്ചിരുന്നെങ്കിൽ ദുരന്തത്തിന്റെ ആഘാതം കുറയുമായിരുന്നുവെന്ന് കരുതുന്നുണ്ടോ; | | |
| ഡി) | എങ്കിൽ ഇതു സംബന്ധിച്ച് സർക്കാർ നിഗമനം വെളിപ്പെടുത്തുമോ? | | |

സെക്ഷൻ ഓഫീസർ